**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1755** **11-10-2024 - ൽ മറുപടിയ്ക്ക്**

**സർവകലാശാല ക്യാമ്പസുകൾ വിദേശ രാജ്യങ്ങളിൽ തുറക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു. എ. ലത്തീഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളുടെ ക്യാമ്പസുകൾ വിദേശരാജ്യങ്ങളിൽ തുറക്കുന്നതിന് യു.ജി.സി. അനുമതി നൽകിയിട്ടുണ്ടോ; | (എ) | മഹാത്മാഗാന്ധി സർവകലാശാലയുടെ ഓഫ്ഷോർ ക്യാമ്പസ് ഖത്തറിൽ ആരംഭിക്കാൻ UGC അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വിദേശത്ത് എവിടെയെല്ലാം ക്യാമ്പസുകൾ തുറക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | <u>സ്റ്റഡി ഇൻ കേരള:</u><br><br>കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കൂടുതൽ വിദേശ വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾക്ക് സ്റ്റഡി ഇൻ കേരള എന്ന പദ്ധതി പ്രകാരം ഉന്നതവിദ്യാഭ്യാസ കൗൺസിൽ തുടക്കം കുറിച്ചിട്ടുണ്ട്.<br><br><u>കരിക്കുലം പരിഷ്കരണം:-</u> വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനുമുള്ള തരത്തിലാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. അതുകൊണ്ട് തന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് |

| | | | |
|---|---|---|---|
| | | | ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർനാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും.<br><br>അന്താരാഷ്ട്ര തലത്തിൽ ക്രെഡിറ്റ് ട്രാൻസ്ഫർ സൗകര്യം നൽകുന്നതിനാൽ ബിരുദ പ്രോഗ്രാമിന്റെ ഒരു നിശ്ചിത ഭാഗം മാത്രം സംസ്ഥാനത്തെ സ്ഥാപനങ്ങളിൽ ചെയ്യാനാകും. ഈ വിധത്തിലുള്ള ട്വിന്നിംഗ് പ്രോഗ്രാമുകൾ നടപ്പിലാക്കുന്നത് വിദേശ വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമാകും. അന്താരാഷ്ട്ര വിദ്യാർത്ഥികൾക്ക് സേവനങ്ങൾ നൽകുന്നതിന് പ്രത്യേക സംവിധാനങ്ങളും അന്താരാഷ്ട്ര ഹോസ്റ്റലുകളും സർവകലാശാലകളിൽ സ്ഥാപിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ